(ബി) കൃഷിഭൂമിയുടെ പരമാവധി ഉപയോഗപ്പെടുത്താൽ, കാർഷിക വൃത്തിയിൽ നിന്നും വരുമാനം ഉറപ്പാക്കൽ, കർഷകർക്കും കർഷക തൊഴിലാളികൾക്കും മാന്യത ഉറപ്പാക്കൽ, കൃഷി ഭൂമിയുടെ സുസ്ഥിര സംരക്ഷണം ഉറപ്പാക്കൽ, കൃഷിയും പരിസ്ഥിതി സംരക്ഷണവും നിലനിർത്തുക, കാർഷിക ഗവേഷണങ്ങൾ കൂടുതൽ കർഷകർക്ക് പ്രയോജനകരമാക്കുക, യുവതലമുറയെ കൃഷിയിലേക്ക് ആകർഷിക്കൽ എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ഒരു കാർഷിക വികസന നയം രൂപീകരിക്കുന്നതിനാണ് ഉപസമിതിയെ ചുമതലപ്പെടുത്തിയത്.

(സി) ഉണ്ട്.

മുൻ എം.എൽ.എ., ശ്രീ. കെ. കൃഷ്ണൻകുട്ടി അദ്ധ്യക്ഷനായി നിലവിൽ വന്നിട്ടുള്ള ഉപസമിതി 331 ശിപാർശകൾ ഉൾക്കൊള്ളുന്ന കാർഷിക വികസന നയം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി) കരട് കാർഷിക നയം സർക്കാരിന്റെ പരിഗണനയിലാണ്.

## ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ വിന്യാസത്തിലൂടെ കാർഷികമേഖലയുടെ മുന്നേറ്റം

1633 <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ വിന്യാസത്തിലൂടെ കാർഷിക മേഖലയുടെ മുന്നേറ്റം സാദ്ധ്യമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) അനുബന്ധ പദ്ധതികൾക്കായി നാളിതുവരെ ഓരോ ജില്ലയ്ക്കും ചെലവിട്ട തുക പദ്ധതി തിരിച്ച് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) ഇത്തരം കൃഷിസമ്പ്രദായങ്ങൾ നടപ്പിലാക്കിയതുമൂലം കാർഷിക മേഖലയിൽ ഗണ്യമായ മാറ്റം ഉണ്ടായിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഇല്ലായെങ്കിൽ അത്തരത്തിലുള്ള ഒരു സമഗ്ര വിലയിരുത്തലിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2012-13 സാമ്പത്തിക വർഷം മുതലാണ് ഹൈടെക് ഫാമിംഗ് പദ്ധതി നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തെ 14 ജില്ലകളിലും ഹൈടെക് ഫാമിങ്

പദ്ധതി അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഹൈടെക് കൃഷിക്കായി 5.07 കോടി രൂപ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന് അനുവദിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഹൈടെക് പദ്ധതിയിൽ തിരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് പോളീഹൗസുകൾ നിർമ്മിക്കുന്നതിന് ചതുരശ്രമീറ്ററിന് 935 രൂപ എന്ന നിരക്ക് അടിസ്ഥാനപ്പെടുത്തിയാണ് ധനസഹായം നൽകുന്നത്. ഈ തുകയുടെ 75 ശതമാനമായ 701.25 രൂപ ധനസഹായമായി അനുവദിക്കുന്നു. ഇതിൽ 50 ശതമാനം (467.5 രൂപ) ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ ധനസഹായമായും 25 ശതമാനം (233.75 രൂപ) തുക സംസ്ഥാന പദ്ധതി വിഹിതമായുമാണ് നൽകി വരുന്നത്.

2013-14 സാമ്പത്തിക വർഷത്തിൽ ഹൈടെക് ഫാമിംഗ് പദ്ധതി നടപ്പിലാക്കുവാനുള്ള ഭരണാനുമതി 20-8-2013-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.)1498/2013/എഡി. പ്രകാരം ലഭിച്ചു. 160000 ചതുരശ്രമീറ്ററാണ് ലക്ഷ്യമിടുന്നത്. ഇതിൻപ്രകാരം 400 മുതൽ 4000 ചതുരശ്രമീറ്റർ വരെ വിസ്തീർണ്ണമുള്ള പോളിഹൗസാണ് നിർമ്മിക്കുന്നത്.

25-7-2012-ലെ സർക്കാർ ഉത്തരവ് നമ്പർ (ആർ.റ്റി)1517/12 പ്രകാരം സംസ്ഥാനത്തെ 2012-13 സാമ്പത്തിക വർഷം നടപ്പിലാക്കിയ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയും തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് പരമാവധി 40 മുതൽ 4000 ചതുരശ്രമീറ്റർ വരെയുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന് ചതുരശ്രമീറ്ററിന് ചെലവ് പ്രതീക്ഷിക്കുന്ന 935 രൂപയുടെ 50% തുകയായ 467.50 രൂപ ധനസഹായമായി നൽകുന്നു.

(ബി) ഹൈടെക് ഫാമിംഗ്, പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഹൈടെക് ഫാമിംഗ് പദ്ധതി എന്നിവയ്ക്കായി ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. പോളീഹൗസുകൾ കാര്യക്ഷമമായി മോണിറ്ററിംഗ് ചെയ്യുവാനും അതു സംബന്ധിച്ച വിവരങ്ങൾ ഇന്റർനെറ്റ് വഴി നിരീക്ഷിക്കുവാനും കർഷകരുടെ പ്രശ്നങ്ങൾക്ക് ഉടനടി പരിഹാരം നിർദ്ദേശിക്കുവാനും അതോടൊപ്പം ഉല്പന്നങ്ങളുടെ വിപണനത്തിൽ കർഷകർക്ക് നേരിട്ട് സഹായം ചെയ്യുവാനുമായി കേരളാ സ്റ്റേറ്റ് റിമോർട്ട് സെൻസിംഗ് ആന്റ് എൻവിറോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി.) രൂപം നൽകിയ ആർക്ക്ജിസ് എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ചു വരുന്നു. ഇതിലൂടെ സംസ്ഥാനത്തിന്റെ ഏത് ഭാഗത്ത് എത്ര മാത്രം ഉത്പന്നങ്ങൾ വിപണനത്തിന് ലഭ്യമാകും എന്ന് അറിയുന്നതും ഇതിന്റെ അടിസ്ഥാനത്തിൽ വിപണനത്തിന് കർഷകരെ സഹായിക്കുന്നതിനും കഴിയും.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഈ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിലൂടെ കർഷകർ വിപണനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ നീക്കി വിപണനം കാര്യക്ഷമമാക്കുവാനും സാധിക്കും. കർഷകർക്ക് പോളിഹൗസിലെ കൃഷിയിൽ നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾക്ക് പ്രതിവിധി നിർദ്ദേശിക്കുന്നതിനും കർഷകരെ സഹായിക്കുന്നതിനും കേരള കാർഷിക സർവ്വകലാശാലയിലെ വിദഗ്ദ്ധരുടെ സേവനം ലഭ്യമാണ്.

(ഡി) ബാധകമല്ല.

## കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി

6036 ശ്രീ. റ്റി.വി. രാജേഷ് : താഴെക്കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിൽ ബി.വി.എസ്.സി ആന്റ് എ.എച്ച് കോഴ്സുകളിൽ നിലവിൽ എത്ര സീറ്റുകളാണുള്ളത്;

(ബി) സീറ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തുന്നതിന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനനുസൃതമായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത കോഴ്സിന് എൻ.ആർ.ഐ. ക്വാട്ട അനുവദിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(ഡി) കേരളത്തിലെ സർക്കാർ പ്രൊഫഷണൽ കോളേജുകളിൽ എൻ.ആർ.ഐ ക്വാട്ട ആരംഭിക്കുന്നത് നിലവിലുള്ള ഹൈക്കോടതി വിധിയുടെ ലംഘനമാവില്ലേ; വിശദാംശങ്ങൾ നൽകാമോ?

**ഉത്തരം**

(എ) 220.

(ബി) ഇല്ല.

(സി) ബി.വി.എസ്.സി. & എ.എച്ച്. കോഴ്സിന് നിലവിലുള്ള സീറ്റുകൾക്ക് പുറമെ 40 എൻ.ആർ.ഐ സീറ്റുകൾ അനുവദിച്ചു കൊണ്ട് സർവ്വകലാശാലയുടെ ബോർഡ് ഓഫ് മാനേജ്മെന്റും അക്കാഡമിക് കൗൺസിലും No. DVASU/DAR/ACAD/B3/10121/2014 Dated 3-6-2014, 12-6-2014 പ്രകാരം തീരുമാനമെടുത്തിരുന്നു.

(ഡി) സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എൻജിനീയറിംഗ് കോളേജുകളിലും പോളിടെക്നിക് കോളേജുകളിലും എൻ.ആർ.ഐ. സീറ്റുകൾ അനുവദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly